Draft #2 of File 135730/AD A4-1/2022/REG SECT Approved by Registrar on 28-Oct-2022 08:50 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 135730/AD A4-1/2022/REG SECT

തീയതി: 28.10.2022

പ്രിയദർശിനി ഹിൽസ്

## സർക്കുലർ

വിഷയം:- 2022 - ലെ മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും സംഘടിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിൽ നിന്നുള്ള 20.08.2022 തിയതിയിലെ ഒ.എൽ.4/20/2022/പി&എആർഡി നമ്പർ സർക്കുലർ.
2. ബഹു. വൈസ് ചാൻസലറുടെ 07 .10.2022 തീയതിയിലെ ഉത്തരവ്.
3. ബഹു. വൈസ് ചാൻസലറുടെ 27.10.2022 തീയതിയിലെ കുറിപ്പ് നം. വി.സി/702/01/121/2022

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായി കേരളപ്പിറവിയുടെ 66-ആം വാർഷികത്തോടനുബന്ധിച്ച് ഈ വർഷവും ആഘോഷപരിപാടികൾ സംഘടിപ്പിക്കണമെന്ന് പരാമർശം (1) പ്രകാരമുള്ള സർക്കുലർ മുഖേന ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് നിർദേശിച്ചിരുന്നു .

ആയത് പരിഗണിച്ച്, 2022 നവംബർ മാസത്തിലെ ആദ്യ പ്രവൃത്തി ദിനം (നവംബർ 1) മലയാള ദിനാഘോഷവും, നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരാഘോഷവും പരാമർശം (1) പ്രകാരം സർവ്വകലാശാലയിൽ സംഘടിപ്പിക്കുവാൻ പരാമർശം (2), (3) എന്നിവ പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1.സർവ്വകലാശാലയിലെ അദ്ധ്യാപക-അനദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തിന് കേരളപ്പിറവി ദിനമായ 2022 നവംബർ 1-ന് രാവിലെ 11 മണിക്ക് അസംബ്ലിഹാളിൽ വെച്ച് വൈസ് ചാൻസലർ സന്ദേശം നൽകുന്നതാണ്.ടി ചടങ്ങിൽ സർവ്വകലാശാലയിലെ എല്ലാ അദ്ധ്യാപകരും ജീവനക്കാരും വിദ്യാർത്ഥികളും പങ്കെടുക്കേണ്ടതാണ്.പ്രസ്തുത ചടങ്ങിൽ താഴെ കൊടുത്തിരിക്കുന്ന ഭരണ ഭാഷ പ്രതിജ്ഞയെടുക്കുന്നതാണ്.

## ഭരണഭാഷാ പ്രതിജ്ഞ

"മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാളഭാഷയേയും കേരള സംസ്കാരത്തേയും ഞാൻ ആദരിക്കുന്നു. ഭരണനിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും"

2. സർവ്വകലാശാലയിലെ എല്ലാ പഠന വകുപ്പുകളിലും മലയാളം മാതൃഭാഷയായിട്ടുള്ള അധ്യാപകരും വിദ്യാർത്ഥികളും 2022 നവംബർ 1-ന് വകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ താഴെ കൊടുത്തിരിക്കുന്ന മാതൃഭാഷ പ്രതിജ്ഞയെടുക്കേണ്ടതാണ്.ടി ചടങ്ങ് സംഘടിപ്പിച്ചത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

**ഭാഷാ പ്രതിജ്ഞ**

**"മലയാളമാണ് എന്റെ ഭാഷ**

**എന്റെ ഭാഷ എന്റെ വീടാണ്.**
**എന്റെ ആകാശമാണ്.**
**ഞാൻ കാണുന്ന നക്ഷത്രമാണ്.**
**എന്നെത്തഴുകുന്ന കാറ്റാണ്.**
**എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.**
**എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.**
**ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത്**
**എന്റെ ഭാഷയിലാണ്.**
**എന്റെ ഭാഷ ഞാൻ തന്നെയാണ്."**

3. നവംബർ 1 മുതൽ 7 വരെയുള്ള ഭരണഭാഷാ വാരാഘോഷക്കാലത്ത്, ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന 5 ഇംഗ്ലീഷ് പദങ്ങളും സമാന മലയാള പദങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതാണ് .

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

സ്വീകർത്താവ്

1. എല്ലാ പഠന വകുപ്പ് മേധാവികൾക്കും (തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)
2. വൈസ് ചാൻസിലർ, പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പി.എസ്-മാർ
3. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ- മാർ
4. പി.ആർ.ഓ (തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)
5. സി.എം.എസ് (തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)
6. സെക്യൂരിറ്റി ഓഫീസർ /എസ്റ്റേറ്റ് ഓഫീസർ
7. ഔദ്യോഗിക ഭാഷാ ഏകോപനാധികാരി
8. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ

Draft #2 of File 135730/AD A4-1/2022/REG SECT Approved by Registrar on 28-Oct-2022 08:50 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം